(സി) ഈ സ്ഥാപനം കെല്ലിൽ തന്നെ നിലനിർത്തി പ്രവർത്തനാനുമതി നൽകുന്നതിനാണോ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

പുതിയ കമ്പനി കേരള ഇലക്ട്രിക്കൽസ് ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ സബ്സിഡിയറി യൂണിറ്റായി പ്രവർത്തിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട മറ്റ് തീരുമാനങ്ങൾ എടുക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം

150 (535) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

സംസ്ഥാനത്ത് റബ്ബർ മൂല്യവർദ്ധന ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ച് വരുന്നു. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാദ്ധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് തെരഞ്ഞെടുക്കുന്ന മൂല്യവർദ്ധിത റബ്ബർ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യവസായം ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ. ആരംഭിക്കുന്നത്. റബ്ബർ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി കമ്പനിയുടെ കീഴിൽ ലോകോത്തര നിലവാരത്തിലുള്ള നിർമ്മാണ സൗകര്യങ്ങൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ഇരിക്കൂർ നിയോജക മണ്ഡലത്തിൽ കൂടി വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കേരള റബ്ബർ ലിമിറ്റഡ് എന്ന സ്ഥാപനം കേരളത്തിലാകെയുള്ള റബ്ബർ കർഷകർക്ക് വേണ്ടിയുള്ളതാണ്. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ. ആരംഭിക്കുന്നത്. പ്രസ്തുത കമ്പനിയുടെ പ്രവർത്തനം റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായ സംരംഭങ്ങൾ കേരളത്തിലുടനീളം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്.

## കോഴിക്കോട് ജില്ലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

151 (536) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പൊതുമേഖലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെ എന്ന് വിശദമാക്കാമോ?

ഇവയിൽ സിഡ്കോ ടൂൾ റൂം (സിഡ്കോയുടെ യൂണിറ്റ്), കേരള സോപ്പ്സ് (കെ.എസ്.ഐ.ഇ.-യുടെ യൂണിറ്റ്) എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നു.

(സി) ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ സിഡ്കോ ടൂൾ റൂം പുനരുദ്ധരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സിഡ്കോയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഭാവി പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഒളവണ്ണയിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ യൂണിറ്റായ ടൂൾ റൂമിന്റെ ആധുനികവത്ക്കരണവും നവീകരണ വിപുലീകരണ പദ്ധതികളും ഉൾപ്പെടുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ക്രാപ്പ് വിൽപ്പന

152 (537) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ 5 വർഷങ്ങളിൽ സ്ക്രാപ്പ് വിൽപ്പന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly